<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1804**</u> <u>**08-10-2021 - ല്‍ മറുപടിയ്ക്ക്**</u>

<u>**ഹരിപ്പാട് ബോയ്സ് ഹയര്‍ സെക്കന്ററി സ്കൂള്‍ ഗ്രൗണ്ട് വികസനം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **Shri.V. Abdurahiman**<br>**(കായികം, വഖഫ്, ഹജ് തീര്‍ത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഹരിപ്പാട് ബോയ്സ് ഹയര്‍ സെക്കന്ററി സ്കൂള്‍ ഗ്രൗണ്ടിന്റെ വികസനത്തിനായി എത്രകോടി രൂപയുടെ എസ്റ്റിമേറ്റാണ് കായിക യുവജന കാര്യാലയം തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 2019 - 20 ബഡ്ജറ്റില്‍ ഹരിപ്പാട് ബോയ്സ് ഹയര്‍ സെക്കന്ററി സ്കൂള്‍ ഗ്രൗണ്ട് നവീകരണത്തിനായി 5 കോടി രൂപ എസ്റ്റിമേറ്റ് അടങ്കലായും ഒരു കോടി രൂപ കായിക വകുപ്പിന്റെ ശീര്‍ഷകത്തില്‍ അനുവദിച്ചിരുന്നു. ഡി.പി.ആര്‍ തയ്യാറാക്കുന്നതിന് മുന്നോടിയായി കായികയുവജന കാര്യാലയം സര്‍വ്വേ പ്രവൃത്തികളും മണ്ണ് പരിശോധന പ്രവൃത്തികള്‍ സജ്ജീകരിക്കുകയും ചെയ്തിരുന്നു. സ്വാഭാവിക പുല്‍ത്തകിടിയോട് കൂടിയ കളിസ്ഥലം, ടോയ്ലറ്റ്, വിശ്രമമുറികളോട്ടു കൂടിയ ഗ്യാലറി കെട്ടിടം, ചുറ്റുമതില്‍ നിര്‍മ്മാണം എന്നിവയാണ് പ്രസ്തുത പദ്ധതിയില്‍ വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി വൈകുന്നതിന്റെ കാരണം എന്തെന്ന് അറിയിക്കാമോ; | (ബി) | നാഷണല്‍ ഹൈവേയുടെ വികസനത്തിനായി കുറച്ച് ഭൂമി നഷ്ടമാകുന്നതിനാല്‍ നിലവിലുള്ള ഗ്രൗണ്ട് നവീകരണം, ഗ്യാലറി, ടോയ്ലറ്റ് - വിശ്രമ മുറികള്‍, ഓഫീസ് മുറികള്‍ എന്നിവ ഉള്‍ക്കൊള്ളിച്ചുകൊണ്ട് വിശദമായ മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കി സമര്‍പ്പിക്കുവാന്‍ നിര്‍ദ്ദേശിച്ചിട്ടുണ്ട്. മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കി വിശദമായ പ്രൊപ്പോസല്‍ ലഭ്യമാകുന്ന മുറയ്ക്ക് തുടര്‍ നടപടികള്‍ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നുമുതല്‍ ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | നാഷണല്‍ ഹൈവേയുടെ വികസനത്തിനായി കുറച്ച് ഭൂമി നഷ്ടമാകുന്നതിനാല്‍ നിലവിലുള്ള ഗ്രൗണ്ട് നവീകരണം, ഗ്യാലറി, ടോയ്ലറ്റ് - വിശ്രമ മുറികള്‍, ഓഫീസ് മുറികള്‍ എന്നിവ ഉള്‍ക്കൊള്ളിച്ചുകൊണ്ട് വിശദമായ മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കി സമര്‍പ്പിക്കുവാന്‍ നിര്‍ദ്ദേശിച്ചിട്ടുണ്ട്. മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കി വിശദമായ പ്രൊപ്പോസല്‍ ലഭ്യമാകുന്ന മുറയ്ക്ക് തുടര്‍ നടപടികള്‍ സ്വീകരിക്കുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍